# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.896 — 28.04.2017-ൽ മറുപടിക്ക്

## സ്റ്റാമ്പ് വെണ്ടർമാരുടെ തൊഴിൽ നഷ്ടപ്പെട്ടുമെന്ന ആശങ്ക

| ചോദ്യം | ഉത്തരം |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) രജിസ്ട്രേഷൻ മേഖലയിൽ ഇ-സ്റ്റാമ്പിങ് സമ്പ്രദായം പൂർണ്ണമായി നടപ്പിലായിട്ടുണ്ടോ; | എ) ഇല്ല. |
| ബി) ഇതുമൂലം മുദ്രപ്പത്രങ്ങളും കോർട്ട് ഫീ സ്റ്റാമ്പുകളും വിൽപ്പന നടത്തിവരുന്ന സ്റ്റാമ്പ് വെണ്ടർമാരുടെ തൊഴിൽ നഷ്ടപ്പെട്ടുമെന്ന ആശങ്ക പരിശോധിക്കുമോ; | ബി) ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള തുകയ്ക്കുള്ള മുദ്രപത്രങ്ങളാണ് ഇ-സ്റ്റാമ്പിംഗിന്റെ പരിധിയിൽ വരുന്നത്. നിലവിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിലേയ്ക്കുള്ള മുദ്രപത്രങ്ങൾ വിൽക്കുന്നതിനുള്ള അധികാരം ട്രഷറി എക്സ്-ഒഫിഷ്യോ വെണ്ടർമാർക്കാണുള്ളത്. അതിനാൽ സ്വകാര്യ വെണ്ടർമാർക്ക് തൊഴിൽ നഷ്ടപ്പെടാനുള്ള സാഹചര്യം നിലവിലില്ല. |
| സി) ജോലി നഷ്ടപ്പെട്ടുമെന്ന ആധാരം എഴുത്തുകാരുടെ സംഘടനകളുടെ നിവേദനം പരിശോധിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ? | സി) ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം നടപ്പിലാക്കുന്നത് ആധാരമെഴുത്തുകാരുടെ തൊഴിലിനെ ബാധിക്കുന്ന കാര്യമല്ല. |

സെക്ഷൻ ഓഫീസർ